## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1782 — 25.03.2013-ൽ മറുപടിക്ക്

## മദ്യകുപ്പികളിൽ പതിക്കുന്ന ഹോളോഗ്രാം നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

---

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മദ്യകുപ്പികളിൽ പതിക്കുന്ന ഹോളോഗ്രാം നിർമ്മാണം സി.ഡിറ്റിൽ നിന്നും മാറ്റി കർണാടകത്തിലെ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഹോളോഗ്രാം നിർമ്മാണത്തിനായി സി.ഡിറ്റും, ബിവറേജസ് കോർപ്പറേഷനും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;<br>(സി) ഇപ്പോഴും പ്രസ്തുത കരാർ നിലനിൽക്കുന്നുണ്ടോ? | (ബി) & (സി) 20.10.2001-ൽ, ബിവറേജസ് കോർപ്പറേഷനും സി-ഡിറ്റുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച്, പത്ത് വർഷത്തേയ്ക്കാണ് സി-ഡിറ്റ് ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബൽ നിർമ്മിച്ച് വിതരണം ചെയ്തു കൊണ്ടിരുന്നത്. 2011 നവംബറിൽ ടി കരാർ അവസാനിച്ചു. തുടർന്ന്, സർക്കാർ നിർദ്ദേശമനുസരിച്ച്, സി-ഡിറ്റും, എക്സൈസ് കമ്മീഷണറും, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും ചേർന്ന ഒരു ത്രികക്ഷി കരാറിൽ ഏർപ്പെട്ടു. ഈ കരാർ അനുസരിച്ച്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് ആവശ്യമായ ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലുകൾ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സി-ഡിറ്റ് അച്ചടിച്ച് വിതരണം ചെയ്തുകൊണ്ടിരുന്നു. പ്രസ്തുത കരാർ, 1.7.2012 മുതൽ ആറുമാസക്കാലത്തേക്കായിരുന്നു. തുടർന്ന്, 4.1.2013-ലെ 23008/എ3/2012/നി.വ. നമ്പർ സർക്കാർ കത്തിലെ നിർദ്ദേശമനുസരിച്ച്, 01.01.2013 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ടി കരാർ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.